# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4294 — 27.06.2013-ലെ മറുപടിക്ക്

## എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര എൽ.പി.എസ്.എ. തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് അറിയിക്കുമോ; 2012-ൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) തൃശ്ശൂർ ജില്ലയിൽ 5 എൽ.പി.എസ്.എ. തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. 2012-ൽ പി.എസ്.സി.യ്ക്ക് 2 എൽ.പി.എസ്.എ.യുടെ ഒഴിവ് റിപ്പോർട്ട് ചെയ്തു. |
| (ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം നൽകി എന്ന് അറിയിക്കുമോ ; | (ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) തൃശ്ശൂർ ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) തൃശ്ശൂർ ജില്ലയിൽ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്ന് 378 പേരെ ശുപാർശ ചെയ്ത് നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.